# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 585** **28.02.2017- ൽ മറുപടിക്ക്**

## കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമേഖലയിലും സഹകരണ മേഖലയിലും ആകെ എത്ര സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ താഴെ പറയുന്ന 7 യൂണിറ്റുകളാണുള്ളത്.<br>1.പ്രഭുറാം മിൽസ്, കോട്ട പി.ഒ, ചെങ്ങന്നൂർ, ആലപ്പുഴ.<br>2.കോട്ടയം ടെക്സ്റ്റൈൽസ്, വേദഗിരി, ഏറ്റുമാനൂർ, കോട്ടയം.<br>3.എടരിക്കോട് ടെക്സ്റ്റൈൽസ്, എടരിക്കോട്, മലപ്പുറം.<br>4. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, തിരുവണ്ണൂർനട, കോഴിക്കോട്.<br><u>പുതിയ പ്രോജക്ടുകൾ</u><br>5.കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, ആലപ്പുഴ (ആദ്യ ഘട്ട പ്രവർത്തനം തുടങ്ങി)<br>6.ഹൈ-ടെക് വീവിംഗ് മിൽസ് പിണറായി, കണ്ണൂർ (പ്രവർത്തനം തുടങ്ങിയിട്ടില്ല)<br>7. ഉദുമ ടെക്സ്റ്റൈൽസ് മിൽസ്, മൈലാട്ടി, കാസർഗോഡ് (പ്രവർത്തനം തുടങ്ങിയിട്ടില്ല)<br><br>ടെക്സ്ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന 8 സഹകരണ സ്പിന്നിംഗ് മില്ലുകൾ താഴെ പറയുന്നവയാണ്.<br>1)കൊല്ലം സഹകരണ സ്പന്നിംഗ് മിൽ<br>2)ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ<br>3)പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ<br>4)തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ<br>5)മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ<br>6)മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്<br>7)കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ<br>8)കെ.കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പററ്റീവ് സ്പിന്നിംഗ് മിൽ |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അടച്ചുപൂട്ടിയവ ഏതെല്ലാമെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റുകൾ, വൈദ്യുതി കുടിശ്ശികയുടെ പേരിൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചതു മൂലവും സ്റ്റാറ്റ്യൂട്ടറി ഡ്യൂസും, പ്രവർത്തനമൂലധനമില്ലായ്മയും, കോട്ടൺ ലഭിക്കാത്തതിനാലും 2016 ഒക്ടോബർ, നവംബർ, ഡിസംബർ, 2017 ജനുവരി, ഫെബ്രുവരി മാസം പകുതി വരെ താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നു. വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് വൈദ്യുതി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 10.01.2017 തീയതിയിലുണ്ടായ യോഗ തീരുമാന പ്രകാരം 2017 ഫെബ്രുവരി മാസം പ്രസ്തുത മില്ലുകൾക്ക് വൈദ്യുതി കണക്ഷൻ വീണ്ടും ലഭിച്ചു. ആവശ്യമായ പ്രവർത്തനമൂലധനം നൽകി മില്ലുകൾ 2017 ഫെബ്രുവരി 20,22 തീയതികളിൽ വീണ്ടും പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളായ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ കഴിഞ്ഞ രണ്ടരമാസമായും, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ ഒന്നരമാസമായും ആവശ്യമായ പ്രവർത്തനമൂലധന അഭാവത്താലും, വൈദ്യുതി കുടിശ്ശിക മൂലം വൈദ്യുതി വിച്ഛേദിച്ചതിനാലും മാസങ്ങളായി കോട്ടൺ ലഭ്യമല്ലാത്തതിനാലും അടച്ചിട്ടുകയായിരുന്നു. എന്നാൽ സർക്കാരിന്റെ അടിയന്തിര ഇടപെടലിനെ തുടർന്ന് ഈ മില്ലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങുന്നതിന് പണം അനുവദിക്കുകയും ആയതിന്റെ ഫലമായി ഈ മില്ലുകൾ തുറന്നു പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) കേരള ടെക്സ്റ്റയിൽസ് കോർപ്പറേഷന് കീഴിലുള്ള ജീവനക്കാർക്ക് അഞ്ച് മാസമായി ശമ്പളമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ശമ്പളം വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) ഉണ്ട്. കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷനു കീഴിലുള്ള ജീവനക്കാർക്ക് 2016 സെപ്റ്റംബർ മുതൽ 2017 ജനുവരി മാസം വരെ ശമ്പളം/ ലേ-ഓഫ് വേതനം കുടിശ്ശികയായി. സർക്കാരിൽ നിന്നുമുള്ള ധനസഹായത്തെ തുടർന്ന് 2016 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ശമ്പളം/ലേ-ഓഫ് വേതനം ഉൾപ്പെടെയുള്ള തുകയുടെ 50% എന്നിവ നൽകുവാൻ നടപടിയെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ